**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **02.03.2020 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 148** **മറുപടിക്ക്**

## ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലയളവിൽ എത്ര ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ പുതിയതായി അനുവദിച്ചു എന്നുള്ള വിവരം ജില്ല തിരിച്ച് അറിയിക്കാമോ; | എ) ഈ സർക്കാരിന്റെ കാലയളവിൽ ആദ്യ ഘട്ടത്തിൽ താഴെ പറയുന്ന 6 ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുകയുണ്ടായി.<br>1) ഫോർട്ട് പോലീസ് സ്റ്റേഷൻ, തിരുവനന്തപുരം സിറ്റി.<br>2) കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ, കൊല്ലം സിറ്റി.<br>3) കടവന്ത്ര പോലീസ് സ്റ്റേഷൻ, കൊച്ചി സിറ്റി.<br>4) തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ, തൃശ്ശൂർ സിറ്റി.<br>5) കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷൻ, കോഴിക്കോട് സിറ്റി.<br>6) കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ, കണ്ണൂർ.<br>രണ്ടാംഘട്ടത്തിലുള്ള 54 പോലീസ് സ്റ്റേഷനുകളുടെയും, മൂന്നാം ഘട്ടത്തിലെ 50 ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| ബി) ശിശുസൗഹൃദ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് ഈ സർക്കാർ നടപ്പിലാക്കി വരുന്ന കാലോചിതമായ പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ; | ബി) കുട്ടികളുടെ സുരക്ഷിതത്വവും സംരക്ഷണവും, വികസനവും ലക്ഷ്യമാക്കി കേരളാ പോലീസ് ആരംഭിച്ചിട്ടുള്ള വിവിധ പദ്ധതികളായ Child friendly Police Station, CAP (Children & Police) കുട്ടികളുടെ പഠനവും കൊഴിഞ്ഞു പോക്കുമായി ബന്ധപ്പെട്ട Project HOPE, ORC (Our Responsibility to Children), |

SPC (Student Police Cadet) എന്നിവയെ CAP HOUSE എന്ന State Resource Center ന്റെ പ്രവർത്തന പരിധിയിൽ ആക്കിയിട്ടുണ്ട്. Child friendly പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും, അവയ്ക്ക് മേൽനോട്ടം വഹിക്കേണ്ടതും CAP HOUSE ആണ്.

| | |
|---|---|
| സി) പോലീസ് സ്റ്റേഷനുകളിൽ കാർട്ടൂണുകൾ പ്രദർശിപ്പിക്കുന്നതിന് സ്വീകരിച്ച നടപടിക്ക് സമാനമായി ശിശു സൗഹൃദ സ്റ്റേഷനുകളിലും കുട്ടികൾക്ക് എളുപ്പത്തിൽ സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് ബോധ്യം വരുന്നതിന് സഹായകമാകുന്ന തരത്തിലുള്ള കാർട്ടൂണുകൾ സ്ഥിരമായി പ്രദർശിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | സി) പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ